ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ്ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ
തിരുവനന്തപുരം

നമ്പർ:Fin.C5/43141/16/HSE

തിയതി: 12/01/2017.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം – സംബന്ധിച്ച്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ജനുവരി 27 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരത്ത് ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർസെക്കന്ററിസ്കൂളുകളിലും അധ്യയനത്തിന് തടസ്സം വരാത്ത വിധത്തിൽ അനുബന്ധ ഹൈസ്കൂളുകളുമായി യോജിച്ച് സ്കൂൾതലത്തിൽ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് തുടക്കം കുറിക്കേ താണ്. ഇതിനു മുന്നോടിയായി എല്ലാ വിദ്യാലയങ്ങളിലും അധ്യാപകരക്ഷാകർതൃസമിതിയും, പൂർവ്വവിദ്യാർത്ഥിസമിതിയും വിളിച്ചുകൂട്ടി ഇതുസംബന്ധിച്ച് ആശയവിനിമയം നടത്തേ താണ്. 27.01.2017 ന് രാവിലെ 10മണിക്ക് രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളും, വിദ്യാലയ അഭ്യൂദയകാംക്ഷികളും ചേർന്ന് പൊതുവിദ്യാലയങ്ങളെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുന്നതിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂട്ടമായി നീക്കംചെയ്ത് ഒരിടത്ത് സ്വരൂപിക്കേ തും ശുചിത്വമിഷൻ അധികൃതരുമായി ബന്ധപ്പെട്ട് അതുസ്കൂൾ കാമ്പസിൽ നിന്ന്മാറ്റുന്നതിന് നടപടി സ്വീകരിക്കേ തുമാണ്.

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തശേഷം 11 മണിക്ക് ജനപ്രതിനിധികളും രക്ഷിതാക്കളും പൂർവ്വവിദ്യാർത്ഥികളും മുൻഅദ്ധ്യാപകരും വിദ്യാലയഅഭ്യുദയകാംക്ഷികളും സ്ഥലത്തെ സാമൂഹിക–സാംസ്കാരിക പ്രവർത്തകരും ചേർന്ന് പരസ്പരം കൈകോർത്ത് സ്കൂളിന് വലയംതീർത്തുകൊ ് പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞപ്രതിജ്ഞ എടുത്ത് യജ്ഞത്തിന്

തുടക്കംകുറിക്കേ താണ്. പൊതുവിദ്യാലയങ്ങളെ തങ്ങൾ സംരക്ഷിക്കുമെന്നും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനത്തിൽ നിന്നും വിദ്യാർത്ഥികളെസംരക്ഷിക്കുമെന്നും വിദ്യാലയ അന്തരീക്ഷത്തെ പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുമെന്നും ജൈവവൈവിധ്യത്തിന്റെ തണലും തണുപ്പും നൽകി വിദ്യാലയങ്ങലെ ഹരിതാഭമാക്കുമെന്നുമുമ ആശയങ്ങളുൾക്കൊള്ളുന്ന തായിരിക്കണം പ്രതിജ്ഞ. ഇതിനായി വിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച പ്രതിജ്ഞ ഇതോടൊപ്പം ചേർക്കുന്നു.

പരസ്പരം കൈകോർത്ത് പ്രതിജ്ഞ എടുത്തശേഷം ഉദ്ഘാടന നടപടികൾ അവസാനിപ്പിക്കാവുന്നതാണ്. അധ്യയനത്തെ ബാധിക്കുന്ന തരത്തിൽ മൈക്ക് ഉപയോഗിച്ച്യോഗങ്ങൾ നടത്തുകയോ പ്രസംഗങ്ങൾ നടത്തുകയോ ചെയ്യേ തില്ല.

പൊതുവിദ്യാലയ സംരക്ഷണയജ്ഞമെന്ന മഹത് സംരംഭത്തിന് തുടക്കംകുറിക്കുന്ന ഈ ചടങ്ങ് നിശ്ചിത സമയത്തുതന്നെ എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടത്തുന്നതിന് പ്രധാന അധ്യാപകർ ശ്രദ്ധിക്കേ താണ്. ആർ.ഡി.ഡിമാർ ഇതിനു മേൽനോട്ടം വഹിക്കേ താണ് .ആർ.ഡി.ഡിമാർ, ജെ.ഡിമാർ എന്നിവർ അവരുടെ പ്രവർത്തന പരിധിയിലുള്ള ഏതെങ്കിലും ഒരു വിദ്യാലയത്തിൽ നടക്കുന്ന ഉദ്ഘാടന പരിപാടിയിൽ പങ്കെടുക്കേ താണ്. പൊതു വിദ്യാലയ സംരക്ഷണയജ്ഞഉദ്ഘാടനം സംബന്ധിച്ച് ബാനർ തുണിയിൽ തയ്യാറാക്കി വിദ്യാലയങ്ങളുടെ മുൻഭാഗത്ത് പ്രദർശിപ്പിക്കേ താണ്. ബാനറിന്റെ മാതൃക നൽകുന്നതാണ്. SSA യുടെ പരിധിയിൽ വരാത്ത ഹയർസെക്കന്ററി സ്കൂളുകളിൽ ബാനർ പ്രിന്റ് ചെയ്യുവാൻ PTA ഫ ് ഉപയോഗിക്കാവുന്നതാണ്.

തങ്ങളുടെ പരിധിയിൽ ഉള്ള എല്ലാ വിദ്യാലയങ്ങളിലും മേൽപ്പറഞ്ഞ മാതൃകയിൽ ഉദ്ഘാടനചടങ്ങ് നടത്തിയതായി ബന്ധപ്പെട്ട വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേ തും ഇതുസംബന്ധിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് അതാത് ആർ.ഡി.ഡിമാർ 27.01.2017 ന് വൈകുന്നേരം 5 മണിക്കുമുമ്പായി dhsefinc5@gmail.comഎന്ന മെയിലിലേക്ക് അയയ്ക്കേ തുമാണ്.

(ഒപ്പ്)

**ഡയറക്ടർ**

**പകർപ്പ് : എല്ലാ** ആർ.ഡി.ഡിമാർക്കും.

# പ്രതിജ്ഞ

പൊതുവിദ്യാലയങ്ങൾ ഈ നാടിന്റെ സൗഭാഗ്യാമാണ്. നമ്മുടെ മതേതര ജീവിതത്തിന്റെ പ്രതീകങ്ങളാണ്. ധനികനെന്നോ ദരിദ്രനെന്നോ ഭേദമില്ലാത്ത ഈ അക്ഷരമുറ്റങ്ങളിലാണ് നമ്മുടെ ബാല്യകൗമാരങ്ങൾ പിന്നിട്ടത്. നമ്മളൊന്നാണെന്ന ബോധം നമുക്ക് പകർന്നുകിട്ടിയത് പൊതുവിദ്യാലയങ്ങളുടെ അകത്തളങ്ങളിൽ നിന്നാണ്. പൊതുവിദ്യാഭ്യാസത്തിന്റെ കരുത്തിലാണ് നമ്മൾ ലോകത്തോളം വളർന്നത്. മാനവികതയുടെ മഹാമൂല്യങ്ങളാണ് ഈ മതേതര പൊതുമണ്ഡലത്തിന്റെ മഹത്വം. നമ്മുടെ ചിന്തകൾക്കും ബോധ്യങ്ങൾക്കും അറിവിന്റെ തിളക്കം നൽകിയ പൊതുവിദ്യാഭ്യാസമേഖലയെ തകരാനനുവദിച്ചുകൂട. മദ്യവും മയക്കുമരുന്നും നമ്മുടെ കുട്ടികളെ വഴിപിഴപ്പിച്ചുകൂട. ഇവയുടെ വർദ്ധിച്ചുവരുന്ന സ്വാധീനങ്ങളിൽ നിന്നും പൊതുകലാലയങ്ങളെ നാം സംരക്ഷിക്കും. ഇവ സ്കൂളുകളിൽ വിതരണം ചെയ്യാൻ ശ്രമിക്കുന്ന സാമൂഹ്യവിരുദ്ധശക്തികളെ ക  ത്തി ഒറ്റപ്പെടുത്തും. നമ്മുടെ ഭൂമിക്ക് വിനാശകരമായ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ഇനി ഈ അക്ഷരമുറ്റങ്ങളിൽ സ്ഥാനമു  ാകില്ല. വിദ്യാലയങ്ങളെ പൂർണ്ണമായും പ്ലാസ്റ്റിക് വിമുക്തമാക്കി ഞങ്ങൾ നിലനിർത്തും. ജൈവവൈവിധ്യതയുടെ തണലും തണുപ്പും നൽകി വിദ്യാലയ അന്തരീക്ഷം ഹരിതാഭമാക്കും. കുട്ടികളെ നാടിനും വീടിനും ഉതകുന്ന നല്ല മനുഷ്യരാക്കിമാറ്റാനുള്ള പഠനപ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകും. എല്ലാതരം തിൻമകളിൽ നിന്നും പൊതുവിദ്യാലങ്ങളെ അകറ്റി നിർത്തും. കേരളീയസാമൂഹ്യവികാസത്തിന്റെ അടിത്തറയായ നമ്മുടെ പൊതുവിദ്യാഭ്യാസമേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കാനജനു മഹായജ്ഞത്തിന് ഇന്ന് തുക്കംകുറിക്കുന്നു. നാടിന്റെ നന്മ കാക്കാനുള്ള ഈ ജനകീയയജ്ഞത്തിൽ ഒറ്റമനസ്സോടെ അണിചേരുമെന്ന് ഞങ്ങൾ പ്രതിജ്ഞചെയ്യുന്നു. പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ.